പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1976 — 22.01.2014 -ൽ മറുപടിക്ക്

## പുതിയ മദ്യ ഷോപ്പുകൾ തുടങ്ങുന്നത് സംബന്ധിച്ചുള്ള വ്യവസ്ഥകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാലോട് രവി<br>,, അൻവർ സാദത്ത്<br>,, വി. പി. സജീന്ദ്രൻ<br>,, സണ്ണി ജോസഫ് | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |

(എ) പുതിയ മദ്യഷോപ്പുകൾ തുടങ്ങുന്നത് സംബന്ധിച്ചുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം എന്തെല്ലാം മാറ്റങ്ങൾ വരുത്തുകയുണ്ടായി; വിശദാംശങ്ങൾ എന്തെല്ലാം;

(എ) & (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, 3 നക്ഷത്ര പദവി വരെയുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നല്കുകയില്ല എന്ന് തീരുമാനമെടുക്കുകയും, അത് പ്രകാരം, ബന്ധപ്പെട്ട നിയമത്തിൽ മാറ്റം വരുത്തുകയും ചെയ്തു. 01.04.2012 മുതൽ 4 നക്ഷത്ര പദവിയുള്ള ഹോട്ടലുകൾക്കും, 01.04.2013 മുതൽ 25 മുറികളുള്ള പഞ്ചനക്ഷത്ര ഹോട്ടലുകൾക്കും മാത്രം എഫ്.എൽ.3 ലൈസൻസ് നല്കുകയുള്ളൂ എന്ന് തീരുമാനം എടുത്തിരുന്നു. കൂടാതെ, നിലവിലുള്ള ബാർ ഹോട്ടലിൽ നിന്ന് പഞ്ചായത്ത് പരിധിക്കുള്ളിൽ 3 കിലോമീറ്റർ ദൂരത്തിനുള്ളിലും, മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പരിധിക്കുള്ളിൽ ഒരു കിലോമീറ്റർ ദൂരത്തിനുള്ളിലും സ്ഥിതി ചെയ്യുന്ന ഹോട്ടലുകൾക്ക് പുതുതായി ബാർ ലൈസൻസ് നല്കുകയില്ല എന്ന വ്യവസ്ഥ നിയമത്തിൽ കൊണ്ടുവന്നു. 4 നക്ഷത്രവും അതിലധികവും പദവിയുള്ള ഹോട്ടലുകൾക്കും, ഒബ്ജക്ഷണബിൾ സ്ഥാപനങ്ങളിലേയ്ക്കുള്ള ദൂരപരിധി 200 മീറ്റർ വേണമെന്ന് നിർബന്ധമാക്കി. കൂടാതെ, പഞ്ചായത്ത് രാജ് ആക്ടിലും, മുൻസിപ്പാലിറ്റി ആക്ടിലും കൊണ്ടു വന്ന ഭേദഗതിയിലൂടെ, പുതുതായി ബാർ ലൈസൻസ് അനുവദിക്കുന്നതിന് ബന്ധപ്പെട്ട പഞ്ചായത്തിന്റെയോ, മുനിസിപ്പാലിറ്റി/ കോർപ്പറേഷന്റെയോ സമ്മതം കൂടി വേണം എന്ന വ്യവസ്ഥ

| | | | |
|---|---|---|---|
| | | | കൊണ്ടുവന്നു. സമഗ്രമായ മദ്യനയം രൂപീകരിക്കുന്നതിനായി നിയമിച്ച റിട്ട: ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷന്റെ റിപ്പോർട്ട് ലഭിക്കുന്നതു വരെ ബാർ ലൈസൻസുകൾ പുതുതായി അനുവദിക്കേണ്ടതില്ല എന്ന് നയപരമായ തീരുമാനം എടുക്കുകയും, അതു പ്രകാരം, വിദേശമദ്യ ചട്ടത്തിൽ നിയമഭേദഗതി കൊണ്ടു വരുകയും ചെയ്തു. |
| (സി) | ഇതിനുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) & (ഡി) | 25.11.2012-ാം തീയതി പുറപ്പെടുവിച്ച, മുനിസിപ്പാലിറ്റീസ് ആക്ട്/ പഞ്ചായത്തീരാജ് ആക്ട് എന്നിവയുടെ ഭേദഗതി ഓർഡിനൻസ് പ്രകാരം, ഒരു മുനിസിപ്പൽ/പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ, ഒരു അബ്കാരി ഷോപ്പ് ആരംഭിക്കുന്നതിന് ബന്ധപ്പെട്ട മുനിസിപ്പാലിറ്റിയുടെ/ പഞ്ചായത്തിന്റെ മുൻകൂട്ടിയുള്ള അനുവാദം ആവശ്യമാണ്. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | | |

സെക്ഷൻ ഓഫീസർ